"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 26-11-2024

**സർക്കുലർ നം 28 (WP1-35930/24/Prhq)**

BNSS സെക്ഷൻ 479 അനുസരിച്ച് ഒറ്റ കേസ്സുകളിൽ മാത്രം റിമാൻഡ് ചെയ്യപ്പെട്ട് ജയിലുകളിൽ പാർപ്പിച്ചിട്ടുള്ള തടവുകാർക്ക് (First time Offenders) അവർക്കുമേൽ ചുമത്തിയിട്ടുള്ള സെക്ഷനുകളിലെ പരമാവധി ശിക്ഷയിൽ 1/3 കാലാവധി പൂർത്തിയാക്കുകയാണെങ്കിൽ ജാമ്യത്തിന് അർഹതയുണ്ടെന്നും കൂടാതെ ഒരു കേസ്സ് നിലവിലുള്ള തടവുകാർ, പെന്റിങ് കേസ്സുകൾ ഉള്ള തടവുകാർ (Multiple Cases) ജയിലിൽ പൂർത്തിയാക്കിയ കാലയളവ് എന്നിവയുമായി ബന്ധപ്പെട്ട മൊഡ്യൂൾ NIC ഇ- പ്രിസൺ പോർട്ടലിൽ enable ആക്കിയിട്ടുണ്ട് (BNSS dash-board). ഇതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ സെൽ എല്ലാ ജയിലുകളിലെയും ഇ-പ്രിസൺസ് ഇൻചാർജ് ഉദ്യോഗസ്ഥർക്ക് 01/11/2024 ൽ ഒരു ഓൺലൈൻ ട്രെയിനിങ്ങ് നൽകിയിട്ടുണ്ട്. ആയതിനാൽ എല്ലാ ജയിൽ സ്ഥാപന മേധാവികളും BNSS ഡാഷ്ബോർഡുമായി ബന്ധപ്പെട്ട ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

1) ജയിൽ സ്ഥാപനങ്ങളിലെ ഇ-പ്രിസൺസ് ഇൻചാർജ് ഉദ്യോഗസ്ഥർ/ഓഫീസർമാർ എല്ലാ ദിവസവും BNSS ഡാഷ്ബോർഡ് പരിശോധിക്കേണ്ടതും ഏതെങ്കിലും തടവുകാർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വിശദ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

2) വിശദ പരിശോധനയിൽ ടി തടവുകാരന് ജാമ്യത്തിന് അർഹതയുണ്ടെന്ന് മനസ്സിലായാൽ സ്ഥാപനമേധാവി ടി ഡേറ്റാ പരിശോധിച്ച് ഉറപ്പ് വരുത്തി ബന്ധപ്പെട്ട കോടതിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

3) BNSS ഡാഷ്ബോർഡ് അപ്ഡേഷനുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രാലയവുമായി എല്ലാ മാസവും review meeting ഉള്ളതിനാൽ അർഹതപ്പെട്ട തടവുകാരുടെ വിവരങ്ങൾ ജയിലാസ്ഥാന കാര്യാലയത്തിൽ അറിയിക്കേണ്ടതും ആയതിന്റെ follow up കോടതിയുമായി ബന്ധപ്പെട്ട് നടത്തേണ്ടതുമാണ്.

4) BNSS സെക്ഷൻ 479 അനുസരിച്ച് കോടതികൾ ഏതെങ്കിലും പ്രതികൾക്ക് ജാമ്യം അനുവദിക്കുകയാണെങ്കിൽ ടി വിവരവും ജയിലാസ്ഥാന കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) Undertrials Multiple cases (half, Full Sentence) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള തടവുകാരുടെ കേസ് വിവരങ്ങൾ പരിശോധിക്കുമ്പോൾ നിലവിൽ ജയിലിൽ ലഭ്യമായ വാറണ്ടുകൾക്കുള്ള കേസ് വിവരങ്ങൾ തന്നെയാണോ ഇ-പ്രിസൺ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും ഇ-പ്രിസണിൽ ടിയാന്റെ പഴയ കേസ്സുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് inactive ചെയ്ത് അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

6) തടവുകാർ ജയിലിൽ കഴിഞ്ഞ പിരീഡുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി നടത്തുമ്പോൾ (Cases Entry (Using ICJS/CIS) ) Current Admission date കൊടുത്ത് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

7) BNSS ഡാഷ് ബോർഡുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാങ്കേതിക തടസ്സങ്ങളോ/സംശയങ്ങളോ

ഉണ്ടെങ്കിൽ യഥാസമയം ജയിലാസ്ഥാന കാര്യാലയം ടെക്നിക്കൽ സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതും പരിഹാരം കാണേണ്ടതുമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് :
1. മേഖലാ ഡി.ഐ.ജി. മാർ, ദക്ഷിണ/മദ്ധ്യ/ഉത്തരമേഖല
2. ടെക്നിക്കൽ സെൽ, ജയിലാസ്ഥാന കാര്യാലയം
3. സൂപ്രണ്ട്, ജനറൽ സെക്ഷൻ
4. ഓഫീസ് കോപ്പി/കരുതൽ ശേഖരം

WP1-35930/2024/PrHQ

2e8cfe